**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3461** **26-06-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ഗസറ്റഡ് തസ്തികകളിലെ എസ്.സി., എസ്.ടി. പ്രാധിനിത്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ ആകെ എത്ര ഗസറ്റഡ് തസ്തികകളുണ്ടെന്ന് തസ്തിക തിരിച്ച് എണ്ണം ലഭ്യമാക്കാമോ; | (എ) | റവന്യൂ വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ കേഡർ തസ്തികകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.<br>ഡെപ്യൂട്ടി കളക്ടർ - 121<br>തഹസിൽദാർ – 226<br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് - 24 |
| (ബി) | ഗസറ്റഡ് തസ്തികകളിലെ എസ്.സി./എസ്.ടി. പ്രാതിനിധ്യം അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണത്തിലാണ് നിശ്ചയിക്കേണ്ടതെന്ന സുപ്രീംകോടതി ഉത്തരവ് മറികടന്ന്, നിലവിലുള്ള എണ്ണം അടിസ്ഥാനമാക്കിയും വേക്കൻസി കുറച്ചു കാണിച്ചും വകുപ്പിൽ സംവരണത്തോത് കുറയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇല്ല. 2013, 2014 വർഷങ്ങൾ അടിസ്ഥാനമാക്കിയുള്ള എസ്.സി/എസ്.റ്റി പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ടിൽ ഗസറ്റഡ് തസ്തികയിൽ പ്രാതിനിധ്യക്കുറവ് ഉള്ളതായി കണ്ടെത്തിയതിനെ തുടർന്ന് 10 ഗസറ്റഡ് തസ്തികളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനായി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ 2015 മുതൽ 2020 വരെയുള്ള വർഷങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകന റിപ്പോർട്ട് പരിശോധിച്ചതിൽ സംവരണ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. |
| (സി) | റവന്യൂ വകുപ്പ് 2020-ന് ശേഷം പ്രാതിനിധ്യ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ 2021, 2022, 2023, 2024 എന്നീ വർഷങ്ങളിലെ എസ്.സി./ എസ്.ടി. പ്രാധിനിത്യ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | 2020 വരെയുള്ള പ്രാതിനിധ്യ അവലോകന റിപ്പോർട്ട് തയ്യാറാക്കി പൊതുഭരണ എംപ്ലോയ്മെന്റ് സെൽ (എ) വകുപ്പിന് നൽകിയിട്ടുണ്ട്. 2021 മുതലുള്ള പ്രാതിനിധ്യ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | റവന്യൂ വകുപ്പിൽ നിലവിൽ എസ്.സി./എസ്.ടി. പ്രാതിനിധ്യം പത്ത് ശതമാനത്തിൽ താഴെയാണോ; ആണെങ്കിൽ അത് നികത്തുന്നതിന് നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഓരോ വകുപ്പിലും പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച് വാർഷിക അവലോകനം നടത്തുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാതിനിധ്യക്കുറവ് ഉണ്ടെന്ന് കണ്ടെത്തിയാൽ ടി കാറ്റഗറിയിലെ ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നികത്തി വരുന്നുണ്ട്. റവന്യൂ വകുപ്പിൽ പട്ടികജാതി/പട്ടികവർഗ പ്രാതിനിധ്യ വാർഷിക അവലോകനത്തിന്റെ അടിസ്ഥാനത്തിൽ 2020 വരെയുള്ള പ്രാതിനിധ്യക്കുറവ് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നികത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളും സ്പെഷ്യൽ റിക്രൂട്ട്മെന്റിന് റിസർവ്വ് ചെയ്യുന്നതിനായി തസ്തികകൾ റിപ്പോർട്ട് ചെയ്യുമ്പോൾ സ്ഥിരം തസ്തികകൾ (കേഡർ സ്റ്റ്രെങ്ത്) മാത്രം റിപ്പോർട്ട് ചെയ്യുവാൻ 15/07/2021ലെ ECA3/7/2018-GAD നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) | അനുവദിക്കപ്പെട്ട തസ്തികകളുടെ 10 % സംവരണം അനുവദിക്കണമെന്നിരിക്കെ പ്രാതിനിധ്യ റിപ്പോർട്ടുകളിൽ തസ്തികകൾ വെട്ടിക്കുറച്ച് കൃത്രിമത്വം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം തസ്തികകൾ (കേഡർ സ്റ്റ്രെങ്ത്) അടിസ്ഥാനമാക്കിയാണ് റവന്യൂ വകുപ്പിൽ പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യ വാർഷിക അവലോകന റിപ്പോർട്ട് തയ്യാറാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ